**KERALA AGRICULTURAL UNIVERSITY**
**COLLEGE OF CLIMATE CHANGE & ENVIRONMENTAL SCIENCE**
KAU Main Campus, KAU P.O., Thrissur-680 656.
**E-mail:** dean.ccces@kau.in, ccces@kau.in, **Phone:** 0487-2438692

സി.സി.സി.ഇ.എസ്./ജി.എൽ–2/214/2016 തിയ്യതി : 23/03/2024

**ക്വട്ടേഷൻ**

കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജ് ഡീനിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ കാർ ലഭ്യമാക്കാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മതസരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിയ്ക്കുന്നു.

**<u>നിബന്ധനകൾ</u>**

1. കാർ ടാക്സി രജിസ്ട്രേഷൻ ഉള്ളതായിരിക്കണം.
2. 2014 അല്ലെങ്കിൽ അതിനുശേഷമുള്ള മോഡൽ ആയിരിക്കണം.
3. സ്വിഫ്റ്റ് ഡിസയർ, ടോയോട്ട എറ്റിയോസ്, മാരുതി എർട്ടിഗ എന്നിവ അഭികാമ്യം.
4. പ്രതിമാസം ഓടേണ്ട പരമാവധി ദൂരം 1200 കി.മീ.
5. എല്ലാ ദിവസവും വാഹനം ലഭ്യമാക്കേണ്ടതാണ്.
6. പ്രതിമാസം 1200 കി. മീ ഓടുന്നതിന് ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ കാണിക്കണം. മൂന്നു മാസത്തെ ക്വാർട്ടറിൽ അധികരിക്കുന്ന യാത്രയ്ക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ വാടക അധിക കി.മീറ്ററിന് നൽകാവുന്നതാണ്. ഏതെങ്കിലും ഒരു മാസം വാഹനം അധിക ദൂരം/സമയം ഉപയോഗിക്കുകയാണെങ്കിൽ അധികം സഞ്ചരിച്ച ദൂരം (കി.മീ) തൊട്ടടുത്ത മാസത്തിൽ കണക്കാക്കി മൂന്ന് മാസത്തെ ക്വാർട്ടറിൽ ക്രമീകരിക്കുന്നതാണ്.
7. ഡ്രൈവറുടെ വേതനം, ഇന്ധനം, മെയിന്റനൻസ്, ഇൻഷുറൻസ്, റോഡ് ടാക്സ് എന്നിവയുൾപ്പെടെ ആയിരിക്കണം അവശ്യപ്പെടുന്ന പ്രതിമാസ വാടക.
8. ഒരു വർഷത്തേയ്ക്കാണ് വാഹനം ലഭ്യമാക്കേണ്ടത്.
9. ക്വട്ടേഷനുകൾ ഒട്ടിച്ച കവറിൽ " വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേലെഴുത്തോടുകൂടി 05/04/2024-ന് വൈകുന്നേരം 3 മണിയ്ക്ക് മുമ്പായി കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജ് ഓഫീസിൽ സമർപ്പിയ്ക്കാവുന്നതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 4 മണിയ്ക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കി സമർപ്പിയ്ക്കേണ്ടതാണ്.
10. വാഹനത്തിന്റെ ആർ.സി. ബുക്ക്, പെർമിറ്റ്, ഇൻഷുറൻസ്, ടാക്സ് ടോക്കൺ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
11. ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുവാൻ ഡീൻ, കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**(ഒപ്പ്)**

**ഡീൻ**

## ക്വട്ടേഷന്റെ മാതൃക

| വാഹനത്തിന്റെ മോഡൽ | മാസകരാർ വേതനം<br>(1200 കി.മീ) | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ടാക്സി പെർമിറ്റ് നമ്പർ |
|---|---|---|
| | | |

ഒപ്പ് :

വാഹന ഉടമയുടെ പേര് :

സ്ഥലം : വിലാസം :

തിയ്യതി: ഫോൺ നമ്പർ :